

**സഹയാത്രികർ**

■ **അബൂഫിദൽ**

# സവർണ മുസ്‌ലിംകളും മുസ്‌ലിംലീഗും

**രാഷ്ട്രീയ** പ്രശ്നങ്ങളുടെ കാര്യത്തിൽ ശിഹാബ് തങ്ങളെ ആത്മീയ നേതാവായും സംഘടനാ പ്രശ്നങ്ങളിൽ രാഷ്ട്രീയ നേതാവായും കാണുന്ന രീതിയാണ് ലീഗ് നേതൃത്വം എല്ലാ കാലത്തും അനുവർത്തിച്ചു പോന്നിട്ടുള്ളത്. സാധാരണക്കാരായ മുസ്‌ലിംകളെ ലീഗിന്റെ കൊടിക്കു കീഴിലേക്കാകർഷിക്കുകയും ലീഗിനൊപ്പം നിർത്തുകയും ചെയ്യാനുള്ള സാമൂഹികോപകരണം എന്നതിലുപരി, സയ്യിദ് കുടുംബക്കാർക്ക് ലീഗ് രാഷ്ട്രീയം പ്രത്യേകിച്ചൊരു സ്ഥാനവും കൽപിക്കുന്നില്ലെന്ന് ലീഗ് പിളർന്ന് സയ്യിദ് ഉമർ ബാഫഖി തങ്ങളുടെ നേതൃത്വത്തിൽ അഖിലേന്ത്യാ ലീഗ് രൂപീകൃതമായതിന് ശേഷമുണ്ടായ സംഭവവികാസങ്ങൾ തെളിയിച്ചതാണ്. ലീഗിന്റെ മന്ത്രിമാർ കേരളം ഭരിക്കുന്ന വേളയിലാണ് ഉമർ ബാഫഖി തങ്ങളടക്കമുള്ള അഖിലേന്ത്യാ ലീഗ് നേതാക്കൾ അടിയന്തരാവസ്ഥയുടെ പേരിൽ ജയിലിലടക്കപ്പെട്ടത്.

അഭ്യസ്തവിദ്യനായ ഒരു വ്യക്തിയെന്ന നിലയിൽ തന്നിലർപ്പിതമായ സംസ്ഥാന അധ്യക്ഷ പദവിയുടെ പരിമിതികളെക്കുറിച്ച് സ്വാഭാവികമായും അദ്ദേഹം ബോധവാനായിരുന്നിരിക്കണം. അതു കൊണ്ടുതന്നെ, മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെ അന്നുമിന്നും ചൂഴ്ന്ന് നിൽക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങളിൽ തന്റെ ഇടപെടൽ സാധ്യതകളുടെ പരിമിതികളും അദ്ദേഹം തിരിച്ചറിഞ്ഞിരിക്കണം. രാഷ്ട്രീയമായ ഒരിടപെടൽ അനിവാര്യമായിരുന്ന ഘട്ടങ്ങളിൽ പോലും അതുണ്ടായില്ല എന്ന് നിരൂപിക്കുന്നതിൽ തെറ്റില്ല. ഉണ്ടായിരുന്നെങ്കിൽ അഖിലേന്ത്യാ അധ്യക്ഷനും സ്ഥാപക നേതാക്കളിലൊരാളുമായ സുലൈമാൻ സേഠിനെ മുസ്‌ലിം ലീഗ് കയ്യൊഴിയുമായിരുന്നില്ല. സേഠിനെ ഒഴിവാക്കിയതു കൊണ്ട് ലീഗിന് ഒരു കോട്ടവും സംഭവിച്ചില്ല എന്ന് വിചാരിക്കുന്ന നേതാക്കളുടെ നേതാവായിരുന്നു ശിഹാബ് തങ്ങളെങ്കിലും അദ്ദേഹത്തിന്റെ മനസ്സ് അവർക്കൊപ്പമായിരുന്നില്ല എന്ന് വിചാരിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്. കാരണം, സാധാരണക്കാരായ മുസ്‌ലിം ജനസമാന്യത്തെ അരാഷ്ട്രീയവത്കരിക്കുകയും ധൈഷണികമായി അടിച്ചമർത്തുകയും ചെയ്യുന്ന മുസ്‌ലിംലീഗ് രാഷ്ട്രീയത്തിന്റെ നേതാവായിരുന്നില്ല ശിഹാബ് തങ്ങൾ എന്നതിന്റെ ചരിത്രസാക്ഷ്യമാണ് അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സംഘടനക്കകത്തു സംഭവിച്ച സാമൂഹിക പരിഷ്കാരങ്ങൾ. മുസ്‌ലിം ലീഗിന്റെ പ്രാദേശിക ഘടകങ്ങളിൽ അണിനിരന്നിട്ടുള്ള അഭ്യസ്തവിദ്യരായ മുസ്‌ലിം ചെറുപ്പക്കാരുടെ അറിയപ്പെടാത്ത നേതൃനിര തന്നെയാണ് ഇതിന്റെ പ്രത്യക്ഷ ദൃഷ്ടാന്തം.

സമ്പന്നരായ അഭ്യസ്തവിദ്യർക്കും കച്ചവടക്കാർക്കും പള്ളിപ്രമാണിമാർക്കും കരിഞ്ചന്തക്കാർക്കും കള്ളക്കടത്തുകാർക്കുമെല്ലാം ആധിപത്യമുണ്ടായിരുന്ന കാലത്ത് സംഘടനയിൽ സാധാരണക്കാരായ അഭ്യസ്തവിദ്യർക്ക് മാന്യമായ ഇടം നേടുക അസാധ്യമായിരുന്നു. ഉത്തരേന്ത്യയിലെ അശ്റഫി-അൻസാരി വിവേചനത്തിന് സമാനമായ സാമൂഹിക വിവേചനം കേരളത്തിലെ ലീഗിലും നിലനിന്നിരുന്നു. എഴുപതുകൾക്ക് ശേഷം രാഷ്ട്രീയാധികാരം സുസ്ഥിരമായതോടെ ലീഗിൽ അധികാര വർഗത്തിന്റെയും ആശ്രിതരുടെയും ഒരു മേൽത്തട്ടു വിഭാഗവും അധികാരമില്ലാത്തവരുടെ ഒരു കീഴ്ത്തട്ടു വിഭാഗവുമായി അതു രൂപാന്തരപ്പെട്ടുവെങ്കിലും അധികാരത്തെ സാമൂഹികമായ ഒരു അവകാശമായി മാറ്റാനുള്ള മേൽത്തട്ട് പ്രവണതക്കെതിരെ നിരന്തരം പോരടിക്കുന്ന അസംഖ്യം പ്രാദേശിക നേതാക്കളും ഈ കാലഘട്ടത്തിൽ ലീഗിനുള്ളിൽ ഇടം നേടുകയുണ്ടായി. കെ.ടി ജലീലും പി.ടി.എ റഹീമുമായി വളർന്നുവന്നവർ അവരിൽ ചിലർ മാത്രമാണ്.


മന്ത്രിമാരും എം.എൽ.എമാരും ഉണ്ടായിരുന്ന പശ്ചിമ ബംഗാളിൽ ഒരു കൊടി കെട്ടാൻ പോലും വിടവില്ലാത്തവണ്ണം ലീഗ് കാലഹരണപ്പെട്ടതെങ്ങനെയെന്ന് ചിന്തിച്ചാൽ മാത്രം മനസ്സിലാക്കാവുന്ന ഒരു യാഥാർഥ്യമുണ്ട്. അഫ്ഗാൻ, തുർക്കി പാരമ്പര്യത്തിന്റെയും സാമ്പത്തിക ശേഷിയുടെയും പിൻബലത്തിൽ സാമൂഹിക മേന്മ അവകാശപ്പെടുന്ന അശ്റഫികളുടെ ചുറ്റും ആശ്രിതരായി അണിനിരന്ന അവർണ മുസ്‌ലിംകളുടെ ആൾക്കൂട്ടമായിരുന്നു ബംഗാളിലെ മുസ്‌ലിം ലീഗ്. വർഗീയ കലാപങ്ങളിൽ കാലാളാവുകയെന്നതായിരുന്നു ഈ ബഹുഭൂരിപക്ഷത്തിന് ലീഗ് നേതൃത്വം കൽപിച്ചിരുന്ന രാഷ്ട്രീയ ദൗത്യം. ഈ കാലാളുകളുടെ തലയെണ്ണിക്കാണിച്ചു കൊണ്ടാണ് അശ്റഫികൾ രാഷ്ട്രീയ മേലാളന്മാരായത്.

1969-ൽ ഇടതു സർക്കാറിന്റെ നേതൃത്വത്തിൽ നടന്ന കാർഷിക പരിഷ്കാരങ്ങൾ വഴി ദരിദ്ര കൃഷിക്കാർക്കും പങ്കുകൃഷിക്കാർക്കും കിടപ്പാടവും കൃഷിഭൂമിയും സ്വന്തമായതോടെ ഈ കാലാളുകൾ അശ്റഫികളെ കയ്യൊഴിഞ്ഞു. അൻസാരികൾക്കൊപ്പം, ഒരുമിച്ചൊരു ബെഞ്ചിലിരുന്ന് ഒരു ചായപോലും കുടിക്കാൻ മനസ്സില്ലാത്ത അശ്റഫികൾക്കൊ

പ്പം ഒരു സംഘടനയായി ഐക്യപ്പെടാൻ ബംഗാളിൽ ആളെക്കിട്ടാത്ത അവസ്ഥ വന്നു. ബംഗാളിൽ മാർക്സിസ്റ്റ് ഭരണം നിലനിന്നതുകൊണ്ടോ മുസ്‌ലിംകൾ ഒന്നടങ്കം കമ്യൂണിസ്റ്റുകാരായത് കൊണ്ടോ അല്ല ലീഗിന്റെ അടിത്തറ തകർന്നതെന്നർഥം. ബഹുജനങ്ങളെ കീഴാളരായി കണക്കാക്കുന്ന സവർണാധിപത്യത്തിന്റെ മുസ്‌ലിം പതിപ്പുകൾ രാഷ്ട്രീയമായി തിരസ്കരിക്കപ്പെട്ടുവെന്നതാണ് സത്യം.

കേരളത്തിലും ഇതൊക്കെത്തന്നെ സംഭവിക്കുമായിരുന്നു. മുസ്‌ലിം ലീഗിന് ഭരണം കയ്യാളാൻ അവസരം ലഭിച്ചതുകൊണ്ടാണ് കേരളത്തിലെ മുസ്‌ലിംകൾ സാമൂഹിക പുരോഗതിയിൽ ബംഗാളിലെ മുസ്‌ലിംകളെക്കാൾ മുമ്പിലെത്തിയത് എന്ന് വലിപ്പം പറയുന്നവർ ബംഗാളിലെ മുസ്‌ലിംകളിലെ ദരിദ്രവിഭാഗങ്ങൾക്കും മലബാറിലെ, വിശിഷ്യാ മലപ്പുറം ജില്ലയിലെ മുസ്‌ലിംകളിലെ ദരിദ്രവിഭാഗങ്ങൾക്കുമിടയിൽ സാമൂഹിക പുരോഗതിയിൽ വലിയ അന്തരങ്ങളില്ലെന്ന വസ്തുത ബോധപൂർവം മറച്ചുപിടിക്കുകയാണ്. അധികാരവും പണവും ആൾബലവുമെല്ലാമുണ്ടായിട്ടും മര്യാദക്കൊരു പത്രവും മാസികയും കൊണ്ടുനടത്താൻ സന്മനസ്സില്ലാത്തവരുടെ സാമൂഹിക പുരോഗമനേഛ ഇന്നും ഒരു ചോദ്യചിഹ്നമാണ്. ഇതിനിടയിൽ നിന്നുകൊണ്ടാണ് ശിഹാബ് തങ്ങളെപ്പോലുള്ള ഒരു വ്യക്തി ജീവിച്ചതും പ്രവർത്തിച്ചതുമെന്ന വസ്തുത വിസ്മരിക്കാവതല്ല.

ശിഹാബ് തങ്ങളുടെ വിയോഗാനന്തരം ഏതാണ്ടെല്ലാ മുസ്‌ലിം ആനുകാലികങ്ങളും അനുസ്മരണ-വിശകലന ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. (പതിവുപോലെ *വിചിന്തനം* വാരിക ഈ മരണവും അറിഞ്ഞതായി കണ്ടില്ല!) അക്കൂട്ടത്തിൽ വ്യത്യസ്തത പുലർത്തുന്ന വിശകലനമാണ് പി.ഡി.പി സൈദ്ധാന്തികനായ സി.കെ അബ്ദുൽ അസീസ് *രിസാല* വാരികയിൽ (11 സെപ്റ്റംബർ) എഴുതിയ ലേഖനം. പ്രസ്തുത ലേഖനത്തിൽ നിന്നാണ് മേൽ ഉദ്ധരണികൾ. കേരള മുസ്‌ലിംകളുടെ സാമൂഹിക പുരോഗതിയും ലീഗിന്റെ പങ്കും എന്ന പ്രമാദമായ ഒരു പ്രമേയത്തിലാണ് ലേഖകൻ കൈവെച്ചിരിക്കുന്നത്. ലീഗുകാർ പലപ്പോഴും ചർച്ചക്കെടുക്കാൻ തന്നെ ധൈര്യപ്പെടാത്ത/സമ്മതിക്കാത്ത ഒരു ആശയത്തെ ശിഹാബ് തങ്ങളുടെ നിര്യാണത്തിന്റെ പശ്ചാത്തലത്തിൽ ഓർമിപ്പിച്ച ലേഖകൻ പ്രശംസയർഹിക്കുന്നു.



*സി.കെ അബ്ദുൽ അസീസ്*

'ശിഹാബ് തങ്ങളുടെ മരണവാർത്തയറിഞ്ഞ ഉടൻ കേരളത്തിന്റെ മുഖ്യമന്ത്രിയടക്കമുള്ള രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നേതൃത്വം കയ്യാളുന്നവർ അനുശോചിക്കുകയുണ്ടായി. എല്ലാവരും എടുത്തുപറഞ്ഞ ഒരു കാര്യം, ശിഹാബ് തങ്ങൾ തികഞ്ഞ മതേതരവാദിയായിരുന്നെന്നും കേരളം കലുഷമാകാനിടയുണ്ടായിരുന്ന അവസരങ്ങളിൽ സാമുദായിക സൗഹാർദത്തിന്റെ കാവലാളായി പ്രവർത്തിച്ചു എന്നതുമാണ്. കേരളത്തിൽ ഇപ്പോഴും പലരും തിരിച്ചും മറിച്ചും പറഞ്ഞുകൊണ്ടിരിക്കുന്നതും ഇതേ കാര്യമാണ്. ലീഗ് വർഗീയ കക്ഷിയാണെന്ന് പറയുന്ന ഇടതുപ്രസ്ഥാനങ്ങളും ഒരുപടി കൂടി കടന്ന് ലീഗ് തീവ്രവാദ ബന്ധമുള്ളതാണെന്ന് ആക്ഷേപിക്കുന്ന ഹിന്ദുത്വരും ഇപ്പോഴും ലീഗിന്റെ അവർഗീയതയെ അവസരം കിട്ടുമ്പോൾ ചോദ്യംചെയ്യുന്ന കോൺഗ്രസിലെ വിഭാഗവും ശിഹാബ് തങ്ങളെ മരണാനന്തരം മതേതരത്വത്തിന്റെ ആൾരൂപമാക്കുന്നതിൽ മത്സരിക്കുകയാണ്. സമുദായത്തിന്റെ ഇടയിൽ നിന്ന് ഒരാളെ മാത്രം മാറ്റിനിർത്തി മതേതരനാക്കുന്നതിലൂടെ വെളിവാക്കപ്പെടുന്ന സന്ദേശമെന്താണ്? ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും പേരിൽ സമുദായത്തെ മുഴുവൻ പ്രതിക്കൂട്ടിൽ നിർത്തുന്ന ഒരു മാധ്യമ-രാഷ്ട്രീയ-ഉദ്യോഗസ്ഥ പരിസരമുണ്ട്. അത്തരത്തിൽ ഓരോ വിവാദമുണ്ടാക്കുമ്പോഴും തങ്ങളൊന്നും അക്കൂട്ടത്തിൽ പെടുന്നവരല്ലെന്നു സ്വയം ബോധിപ്പിക്കേണ്ട സ്വത്വപ്രതിസന്ധിയുടെ ഘട്ടത്തിലൂടെയാണ് ശിഹാബ് തങ്ങളുടെ സമുദായം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. അപ്പോൾ ശിഹാബ് തങ്ങളെ തെറിപ്പിച്ചു നിർത്തി അതിമതേതരനാക്കുന്നതിലൂടെ പറയാതെ പറഞ്ഞുവെക്കുന്നതെന്താണ്? ഇനി അക്കൂട്ടത്തിൽ ബാക്കി നിൽക്കുന്ന ആരുടെ മതേതരബോധത്തിലും തങ്ങൾക്ക് അത്രകണ്ട് വിശ്വാസമില്ല എന്നുതന്നെയല്ലേ?'-മസ്ഹറുദ്ദീന്റെ ശിഹാബ് തങ്ങൾ അനുസ്മരണ വിശകലനം പ്രസിദ്ധീകരിച്ചിരിക്കുന്നത് *തേജസ്* ദ്വൈവാരികയിൽ (സെപ്റ്റംബർ 16-31)

*സുന്നി അഫ്കാർ* വാരിക 37,38 ലക്കങ്ങൾ കൂട്ടിച്ചേർത്ത് ശിഹാബ് തങ്ങൾ സ്പെഷ്യൽ പതിപ്പായി പുറത്തിറക്കിയിട്ടുണ്ട്. ശിഹാബ് തങ്ങളുമായി ബന്ധപ്പെട്ട ലേഖനങ്ങൾ മാത്രം. അദ്ദേഹത്തിന്റെ മക്കളും സഹോദരങ്ങളും ബന്ധുക്കളുമെല്ലാം എഴുതിയിട്ടുണ്ട്.

## പാലം തകർക്കുന്ന ഇഖ്‌വാൻ

ചോദ്യം: പഠനകാലത്ത് ഇഖ്‌വാനുൽ മുസ്‌ലിമൂനെ എങ്ങനെയാണ് കണ്ടിരുന്നത്?

ഉത്തരം: അവർ കുറച്ചൊക്കെ ചലനങ്ങൾ തുടങ്ങുന്നേയുള്ളൂ അന്ന്. ജനങ്ങൾക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാക്കിയിരുന്നു അവർ. അക്രമങ്ങൾ നടത്തുക, പാലം തകർക്കുക-ഇതൊക്കെ അവരുടെ പദ്ധതിയായിരുന്നു. പക്ഷേ, നടന്നിരുന്നില്ല. നാസിർ ഇവരുടെ പ്രവർത്തനങ്ങൾ സ്തംഭിപ്പിച്ചിരുന്നു. ജനങ്ങൾ അവരെ അകറ്റി നിർത്താൻ ശ്രദ്ധിച്ചിരുന്നു.

?-സയ്യിദ് ഖുത്ബിനെയും മുഹമ്മദ് ഖുത്ബിനെയും അവിടത്തെ ആളുകൾ എങ്ങനെയാണ് മനസ്സിലാക്കിയിരുന്നത്? കേരളത്തിലെ പരിഷ്കരണ നേതാക്കളെ, ഐക്യസംഘക്കാരെ പാരമ്പര്യ സമൂഹം നോക്കിക്കാണുന്നതുപോലെ തന്നെയാണോ അവിടെയും?

= അത്രത്തോളം അടുത്തറിയാൻ കഴിഞ്ഞിട്ടില്ല. അവർ അന്ന് ജയിലിലായിരുന്നു.

*സുന്നി അഫ്കാറി*ന്റെ ശിഹാബ് തങ്ങൾ പതിപ്പിൽ അദ്ദേഹവുമായി ശഫീഖ് റഹ്‌മാനി വഴിപ്പാറ മുമ്പ് നടത്തിയ ഒരു അഭിമുഖം എടുത്തു ചേർത്തിട്ടുണ്ട്. അതിൽ നിന്നാണ് മേൽവരികൾ. പാലങ്ങൾ തകർക്കുന്ന ഇഖ്‌വാനുൽ മുസ്‌ലിമൂനെക്കുറിച്ച അറിവ് ഒരു പക്ഷേ, വായനക്കാർക്ക് ഇത് ആദ്യമായിരിക്കും. ഈജിപ്തിലെ ജനങ്ങൾ ഇഖ്‌വാനെ വെറുക്കുന്നുവെന്ന് പറയാൻ ഈജിപ്തിലെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് അസാധാരണമായ അജ്ഞത ആവശ്യമാണ്. ■